**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** **10-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മട്ടന്നൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ മട്ടന്നൂർ പോലീസ് സ്റ്റേഷനു വേണ്ടി സംസ്ഥാന പ്ലാൻ പദ്ധതി 2021-22 പ്രകാരം 184.12 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും 2022-23, 2023-24 എന്നീ വർഷങ്ങളിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതുമാണ്. ടി തുകയിൽ 151 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം വരെ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളതും കോൺക്രീറ്റ്, പ്ലാസ്റ്ററിംഗ്, ടൈൽ എന്നീ പ്രധാന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അവസാനഘട്ട മിനുക്കു പണികൾ പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടം അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ